എഫ്.ആർ ഫരീദി

# ബഹുസ്വരതയും ഇന്ത്യൻ മുസ്‌ലിംകളും

അതിവേഗം രൂപപ്പെട്ടുവരുന്ന ബഹുസ്വരസമൂഹങ്ങളാണ് നമ്മുടെ കാലത്തെ ഏറ്റവും ശ്രദ്ധേയമായ ഒരു ആഗോളക്കാഴ്ച. അതേസമയം ബഹുസ്വരത (pluralism)യെ ആധുനിക സമൂഹങ്ങളുടെ മാത്രം പ്രത്യേകതയായി എണ്ണുന്നതും ശരിയല്ല. പഴയ കാലങ്ങളിലും ബഹുസ്വര സമൂഹങ്ങൾ നിലനിന്നിരുന്നു. പക്ഷേ അക്കാലങ്ങളിൽ ഒരു സംസ്കാരം ഒപ്പമുള്ള മറ്റു സംസ്കാരങ്ങളെ അതിജയിക്കുകയും എല്ലാം കൈയടക്കുകയും അങ്ങനെ ഏകശിലാ സംസ്കാരത്തിന്റെ പ്രതീതി ജനിപ്പിക്കുകയുമാണുണ്ടായത്.

കഴിഞ്ഞ കാലങ്ങളിലെ ഇത്തരം ഏകശിലാസംസ്കാരങ്ങൾ അവയുടെ ജീവിതരീതികൾ ആവിഷ്കരിച്ചതും സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്തതും സ്വന്തമായിട്ടായിരുന്നു. ഇതര സംസ്കാരധാരകളുടെ സ്വാധീനം അവയിൽ പ്രകടമല്ല. എന്നാൽ ഇത്തരം സംസ്കാരങ്ങൾക്ക് പോലും സാംസ്കാരികമോ വംശീയമോ ആയ വൈവിധ്യങ്ങളെ പാടേ നിരാകരിക്കാൻ കഴിഞ്ഞിട്ടുമില്ല. ലോകത്തിന്റെ പല ഭാഗത്തും അധീശത്വം വാഴുന്ന സംസ്കാരത്തോടൊപ്പം സാംസ്കാരിക/വംശീയ ന്യൂനപക്ഷങ്ങളും ജീവിച്ചുപോന്നിട്ടുണ്ട്. അക്കാലങ്ങളിൽ വ്യാപാരം വഴിയുള്ള അന്താരാഷ്ട്ര ബന്ധങ്ങളുടെ വ്യാപ്തി വളരെ കുറവായിരുന്നുവെങ്കിലും വ്യത്യസ്ത സംസ്കാരങ്ങളെ തമ്മിലടുപ്പിക്കാൻ അത് കാരണമായിട്ടുണ്ട്. സൈനികാധിനിവേശം, പലായനം, ഭക്ഷ്യവിതരണത്തിലെ ഏറ്റക്കുറവുകൾ തുടങ്ങിയവയും സാംസ്കാരിക അതിർത്തികൾ ഭേദിച്ച് പരസ്പരം ഇടപഴകാൻ ജനങ്ങൾക്ക് അവസരമൊരുക്കുകയുണ്ടായി.

ഇതും ഇതുപോലുള്ള മറ്റു ജീവിതാവശ്യങ്ങളും സാംസ്കാരികമായ വേർപെട്ടുനിൽക്കലിന്റെ തീവ്രത കുറക്കുകയും ഒറ്റക്ക് നിൽക്കുന്ന സമൂഹങ്ങളിലേക്ക് മാറ്റത്തിന്റെ ശക്തികളെ അഴിച്ചുവിടുകയും ചെയ്തു. സാംസ്കാരികമായ കൊടുക്കൽ വാങ്ങലുകളുടെ നിശ്ശബ്ദമായ അന്തർപ്രവാഹങ്ങൾ ഏതു ഘട്ടത്തിലും സജീവമായിരുന്നതായും അധീശ/ന്യൂനപക്ഷ സമൂഹങ്ങളുടെ സാമൂഹിക ജീവിതത്തെ അവ ഒരുപോലെ മാറ്റിമറിച്ചിരുന്നതായും നമുക്ക് കണ്ടെത്താം. എങ്കിലും ന്യൂനപക്ഷ സംസ്കാരങ്ങൾ പൊതുവെ പാർശ്വവത്കരിക്കപ്പെടുകയാണുണ്ടായത്. രാഷ്ട്രഘടനയിൽ വളരെ കുറച്ചേ അവക്ക് സ്വാധീനം ചെലുത്താനായുള്ളൂ.

## മുസ്‌ലിംകളും ബഹുസ്വരതയും

ബഹുസ്വരത എക്കാലത്തെയും മുസ്‌ലിംസമൂഹങ്ങളുടെ സവിശേഷതയായിരുന്നു. മദീനയിലെ ആദ്യകാല ഇസ്‌ലാമികസമൂഹം വിവിധ മത വംശീയ വിഭാഗങ്ങളെ ഉൾക്കൊള്ളുന്നതായിരുന്നു. പേർഷ്യക്കാർ, അബ്സീനിയക്കാർ തുടങ്ങിയ വിവിധ വംശക്കാർക്കൊപ്പം ജൂത-ക്രൈസ്തവ മതസ്ഥരും മദീനാനഗരത്തിൽ ജീവിച്ചു. ഉമവി-അബ്ബാസി കാല ഘട്ടങ്ങളിൽ മത സാംസ്കാരിക വൈവിധ്യം മുസ്‌ലിം രാഷ്ട്രീയത്തിന്റെ സവിശേഷ ഭാവങ്ങളിലൊന്നായി. ഉസ്മാനികളുടെ ഭരണകാലത്ത് മധ്യപൗരസ്ത്യദേശത്തെന്ന പോലെ അവരുടെ ഭരണം നിലനിന്ന യൂറോപ്പിലും സമൂഹത്തിന്റെ ബഹുസ്വര സ്വഭാവം വളരെ പ്രകടമായിരുന്നു. ബാൾക്കൻ രാജ്യങ്ങളിൽ ഗ്രീക്ക് ഓർത്തഡോക്സ്, അർമേനിയൻ ഗ്രിഗേറിയൻ, ജൂതന്മാർ എന്നീ വിഭാഗങ്ങൾക്ക് ഉസ്മാനികൾ മതപരമായ സ്വയംഭരണാവകാശം നൽകിയിരുന്നു. മതം, പാരമ്പര്യം, ആചാരങ്ങൾ എന്നീ കാര്യങ്ങളിൽ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും സാംസ്കാരിക സ്വാതന്ത്ര്യമനുവദിക്കാൻ മുസ്‌ലിം ഭരണകർത്താക്കൾ പ്രത്യേകം ശ്രദ്ധിച്ചു.

ഉപകാരപ്രദമായതെന്തും ഇതര സമൂഹങ്ങളിൽനിന്ന് സ്വീകരിക്കുന്ന കാര്യത്തിൽ മുസ്‌ലിംകൾ എന്നും ഉദാരമനസ്കരായിരുന്നു. പ്രവാചകന്റെ കാലത്തുതന്നെ അവർ പേർഷ്യൻ യുദ്ധതന്ത്രം (ഖന്ദഖ് യുദ്ധവേളയിൽ) സ്വന്തമാക്കി. ഗ്രീക്കുകാരുടെ വൈദ്യശാസ്ത്രരീതി കടമെടുത്തു. സാമ്പത്തിക പുരോഗതി നേടിയ രാജ്യങ്ങളുടെ കറൻസി സ്വന്തം നാട്ടിൽ പരീക്ഷിച്ചു. ബൈസാന്റിയൻ സംസ്കാരത്തിൽനിന്ന് ഹിജാബ് കൈക്കൊണ്ടു. ഇങ്ങനെ അന്യസംസ്കാരങ്ങളിൽനിന്നാർജിച്ച അറിവിനാൽ മുസ്‌ലിം സംസ്കൃതി സമ്പന്നമായി. ഇന്നത്തെ പടിഞ്ഞാറൻ ലോകത്തിൽനിന്ന് ഭിന്നമായി, ഇതര സംസ്കാരങ്ങളോടുള്ള കടപ്പാടുകൾ രേഖപ്പെടുത്താൻ അവർക്കൊട്ടും മടിയുണ്ടായിരുന്നില്ല (ബെഞ്ചമിൻ ബ്രാൻഡും ബർനാഡ് ലൂയിസും എഴുതിയ "Introduction in Christian and Jews in the Ottoman Empire- the Functioning of a plural Society-Ny, London 1982 എന്ന കൃതി കാണുക). വ്യത്യസ്ത സംസ്കാരങ്ങളുമായി തൊട്ടുരുമ്മി ജീവിക്കുകയെന്നത് മുസ്‌ലിം ജീവിതത്തിന് അന്യമേ ആയിരുന്നില്ല എന്നർഥം. സംസ്കാരവൈവിധ്യങ്ങളോട് മുസ്‌ലിം സമൂഹം സഹിഷ്ണുതാപരമായ സമീപനം സ്വീകരിച്ചുവെന്ന് മാത്രമല്ല, മത/വംശീയ ന്യൂനപക്ഷങ്ങളുടെ വളർച്ചക്കും സംരക്ഷണത്തിനും ക്രിയാത്മക നടപടികൾ സ്വീകരിക്കുകയും ചെയ്തു.

എന്നിരുന്നാലും ഇവയിൽ മിക്കതും മുസ്‌ലിംകൾക്ക് വ്യക്തമായ രാഷ്ട്രീയമേധാവിത്വമുള്ള സമൂഹങ്ങളായിരുന്നു. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും മൊത്തം സ്വഭാവം അവരാണ്

(ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാ സമിതിയംഗവും *സിന്ദഗി നൗ* ഉർദു മാസികയുടെ എഡിറ്ററുമാണ് ലേഖകൻ)

നിർണയിച്ചിരുന്നത്. ചിലപ്പോൾ സംഭവങ്ങൾ നേരെ തലകീഴായി മറിഞ്ഞതിനും ഉദാഹരണങ്ങളുണ്ട്. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കുമ്പോൾ ഇവിടത്തെ ബഹുസ്വര സമൂഹത്തിലെ നിർണായക കണ്ണിയായിരുന്നു മുസ്‌ലിംകൾ. പക്ഷേ, കാര്യങ്ങൾ തീരുമാനിക്കുന്നതിൽ അവർക്ക് യാതൊരു പങ്കും നൽകപ്പെടുകയുണ്ടായില്ല. പലപ്പോഴും മിതമല്ലാത്ത ആത്യന്തിക മാതൃകകളാണ് പഴയകാല ബഹുസ്വര സമൂഹങ്ങളിൽനിന്ന് ലഭിക്കുന്നത് എന്നർഥം.

## ആധുനിക ബഹുസ്വരതയുടെ സവിശേഷതകൾ

തീർത്തും ഭിന്നമായ ഒരു രീതിയിലാണ് ആധുനിക ബഹുസ്വര സമൂഹങ്ങൾ രൂപംകൊണ്ടിരിക്കുന്നത്. ചുരുങ്ങിയത് രണ്ട് പ്രധാന കാര്യങ്ങളിലെങ്കിലും അവ വലിയ വ്യത്യാസം കാണിക്കുന്നു: ഒന്ന്, ഇന്നത്തെ ബഹുസ്വരത മതജാതി വ്യത്യാസമില്ലാതെ എല്ലാവർക്കും തുല്യമായ രാഷ്ട്രീയാവകാശങ്ങൾ നൽകുന്നു. മിക്ക ബഹുസ്വരസമൂഹങ്ങളും രാഷ്ട്രഭരണത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്താൻ ജനാധിപത്യ സംവിധാനത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. രണ്ട്, ആധുനിക ബഹുസ്വരസമൂഹങ്ങൾ പൊതുവെ സ്ഥാപിക്കപ്പെട്ടിരിക്കുന്നത് മതനിഷേധ/സെക്യുലർ അടിത്തറകളിലാണ്. ഇതു കാരണം, ഓരോ സമൂഹത്തിന്റെയും തനത് ദാർശനിക അടിത്തറകൾ അവഗണിച്ചുകൊണ്ട് കേവലം രാഷ്ട്രീയവും സാമ്പത്തികവുമായ താൽപര്യങ്ങൾ ഇത്തരം ബഹുസ്വര സമൂഹങ്ങളുടെ ദിശയും സ്വഭാവവും സാമൂഹിക ഇടപഴക്കവും നിർണയിക്കുന്ന സ്ഥിതിയാണുള്ളത്.

ബഹുസ്വരതയുടെ ഈ ആധുനികഭാഷ്യം മുസ്‌ലിംകളെ തീർത്തും പുതിയൊരു സാഹചര്യത്തിലാണ് കൊണ്ടുവന്ന് നിർത്തിയിരിക്കുന്നത്. ഇത് മുമ്പെങ്ങുമില്ലാത്തവിധം മുസ്‌ലിംസമൂഹത്തിന് ഭൗതികവും ആത്മീയവുമായ സ്വത്വത്തിന് വെല്ലുവിളി ഉയർത്തുന്നു. ആധുനിക ബഹുസ്വരതയാകട്ടെ, കാര്യമായി ആരുടെയും ശ്രദ്ധയിൽപെടാതെ വളർന്ന് ഏറക്കുറെ സ്ഥായീഭാവം കൈവരിക്കുകയും ചെയ്തിരിക്കുന്നു. ഇതിന്റെ സ്വഭാവത്തെയും പരിണാമത്തെയും കൃത്യമായി മനസ്സിലാക്കുകയെന്നതാണ് മുസ്‌ലിംസമൂഹം അഭിമുഖീകരിക്കുന്ന ആശയക്കുഴപ്പങ്ങൾ പരിഹരിക്കാനുള്ള ആദ്യപടി.

## ബഹുസ്വരതയെ ത്വരിപ്പിച്ച ഘടകങ്ങൾ

ആധുനിക ബഹുസ്വര സമൂഹങ്ങളുടെ പിറവിക്ക് നിരവധി ശക്തികൾ പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോഴും അവ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി വളരെ വേഗത്തിലുള്ള യാത്ര സാധ്യമായതാണ് ഇതിലൊന്ന്. സൂപ്പർ സോണിക് വേഗതയിൽ പറക്കുന്ന ജംബോ ജെറ്റുകൾ ഭൂലോകത്തിന്റെ ഏതു കോണിലേക്കുമുള്ള യാത്രാദൂരം ഏതാനും മണിക്കൂറുകളാക്കി കുറച്ചു. ആഴ്ചകളും മാസങ്ങളും നീളുന്ന ദുഷ്കരമായ യാത്ര ഇനി ആവശ്യമില്ല. യാത്രയുടെ എളുപ്പവും വേഗതയും ദേശീയാതിർത്തികൾക്ക് പുറത്ത് പുതിയ മേച്ചിൽപുറങ്ങൾ അന്വേഷിക്കാൻ വ്യാപാരികൾക്കും തൊഴിലന്വേഷകർക്കും പ്രചോദനമായി. ഭൂമിയുടെ വിസ്തൃതി ഒരു 'ഗ്രാമ'ത്തിലേക്ക് ചുരുങ്ങിയപ്പോൾ, അസാധ്യമായി കരുതിയിരുന്ന പലതും സാധ്യമാണെന്ന് വന്നു. പല ഭാഷക്കാരും നിറക്കാരും മതക്കാരുമായ ദരിദ്ര രാഷ്ട്രങ്ങളിലെ ജനസഞ്ചയങ്ങൾ മെച്ചപ്പെട്ട തൊഴിലും ജീവിതസാഹചര്യങ്ങളും തേടി ധനിക രാഷ്ട്രങ്ങളിലേക്ക് യാത്ര ആരംഭിച്ചു.

ആഗോള മൂലധന, തൊഴിൽ കമ്പോളങ്ങൾ ഏകീകരിക്കപ്പെട്ടു എന്നതാണ് യാത്രയുടെ എളുപ്പവും വേഗതയും സമ്മാനിച്ച പ്രധാന നേട്ടം. സ്ഥിരതാമസമാക്കണമെന്ന യാതൊരു ഉദ്ദേശ്യവുമില്ലാതെ വിദേശത്ത് തൊഴിലിന് പോയവർ അവിടെ സ്ഥിരതാമസമാക്കുന്നതാണ് പിന്നീട് കാണുന്നത്. വിദേശത്ത് പഠിക്കാൻ പോയവരും വികസിത രാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ കണ്ട് അവിടെത്തന്നെ കൂടുകയാണ്.

യാത്രയുടെ വേഗതയോടൊപ്പം ചേർത്തുവായിക്കേണ്ടതാണ്, വിവര/വാർത്താവിനിമയ സാങ്കേതികവിദ്യയിലുണ്ടായ അമ്പരപ്പിക്കുന്ന വളർച്ച. എത്ര അകലത്തിലുള്ള ബന്ധുമിത്രാദികളോടും എളുപ്പത്തിൽ ആശയവിനിമയം നടത്താം എന്നു വന്നതോടെ, വിദേശത്ത് പാർപ്പുറപ്പിക്കാൻ തടസ്സമായി നിന്നിരുന്ന വൈകാരിക കടമ്പകൾ നീങ്ങി. സാറ്റലൈറ്റ് ചാനലുകളുടെ ആഗമനത്തോടെ, താൻ ജീവിച്ച് വളർന്ന നാട്ടിലെ സാംസ്കാരിക ദൃശ്യങ്ങൾ ഓരോ പ്രവാസിയുടെയും മുമ്പിൽ തെളിയുമെന്നായി. സാങ്കേതികമേഖലയിലുണ്ടായ ഈ കുതിച്ചുചാട്ടങ്ങളാണ് പ്രവാസികളുടെ എണ്ണവർധനവിനും അതുവഴി ബഹുസ്വര സമൂഹങ്ങളുടെ നിർമിതിക്കും നിമിത്തമായത്.

ഇതിന്റെയൊക്കെ ഒരു സ്വാഭാവിക പരിണതി, പത്തൊമ്പതാം നൂറ്റാണ്ടിലെ അക്രമാത്മക ദേശീയത ദുർബലമാക്കപ്പെട്ടു എന്നതാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ ദേശീയത രൗദ്രഭാവം പൂണ്ടപ്പോൾ ചെറു സാംസ്കാരിക സംഘങ്ങളും സമൂഹങ്ങളും തുടച്ചുനീക്കപ്പെടുകയായിരുന്നു. 'പൊതു ദേശീയ താൽപര്യങ്ങൾ'ക്ക് വഴങ്ങിക്കൊടുക്കാൻ ഉപദേശീയതകൾ നിർബന്ധിക്കപ്പെട്ടു. അടുത്ത കാലത്ത് ലോകസമ്പദ്ഘടന ആഗോളവത്കരിക്കപ്പെട്ടതോടെ ദേശീയ പരമാധികാരം എന്ന സങ്കൽപത്തിന് തിരിച്ചടിയേറ്റു. പലതരക്കാരെ പിടിച്ചുനിർത്താനുള്ള അതിന്റെ ശേഷി ദുർബലമായി. ഓരോ നാട്ടിലെയും വംശീയ ന്യൂനപക്ഷങ്ങൾ അവരുടെ സാംസ്കാരിക തനിമകൾ ഉയർത്തിപ്പിടിച്ച് ഉണർന്നെണീക്കുന്നതാണ് പിന്നീട് കാണാൻ കഴിഞ്ഞത്. യൂഗോസ്ലാവിയയിലെ സ്ലോവാക്കുകൾ, സെർബുകൾ, മുൻ സോവിയറ്റ് യൂനിയനിലെ വംശീയ സമൂഹങ്ങൾ, ഇംഗ്ലണ്ടിലെ ഐറിഷ് പോരാളികൾ എന്നിവരെ ഉദാഹരണമായി പറയാം. മറ്റിടങ്ങളിലും വിവിധ വംശീയതകൾ തമ്മിലുള്ള പോരാട്ടം രൂക്ഷമായി. മിസോകളും ആസാമിലെ ഗോത്ര വർഗങ്ങളും ഇന്ത്യയിൽ അവരുടെ അവകാശങ്ങൾക്ക് വേണ്ടി പോരാട്ടത്തിലാണ്. ചൈനയിലും മതവംശീയ സ്വത്വങ്ങൾക്കു വേണ്ടി പോരാട്ടങ്ങൾ നടക്കുന്നു. ഈ സംഭവവികാസങ്ങൾ കൃത്രിമമായി പടച്ചുണ്ടാക്കിയ പല രാഷ്ട്രങ്ങളുടെയും ദേശീയസ്വത്വങ്ങളെ തകർത്തിരിക്കുകയാണ്. ഈ സമൂഹങ്ങളിലും ബഹുസ്വരത വളർന്നുവരാൻ അത് ഇടയാക്കിയിട്ടുണ്ട്.

## സങ്കര സംസ്കാരം

ബഹുസ്വരസമൂഹത്തിന് പകരമായി ഉന്നയിക്കപ്പെടുന്ന ചില ബദലുകളും ഇവിടെ പരിശോധിക്കുന്നത് ഉചിതമായിരിക്കും. ഈ ബദലുകളിൽ ഏറ്റവും മോടിയോടെ അവതരിപ്പിക്കപ്പെടുന്നത് സങ്കര സംസ്കാരം എന്ന ആശയമാണ്. രാഷ്ട്രീയമായി ഭിന്നധ്രുവങ്ങളിൽ നിൽക്കുന്ന രണ്ട് വിഭാഗങ്ങളാണ് ഇതിന്റെ മുഖ്യ പ്രചാരകരെന്നത് വിചിത്രമായിരിക്കുന്നു. സെക്യുലർ എന്ന് വിശേഷിപ്പിക്കപ്പെടുന്നവരാണ് ഒരു കൂട്ടർ. അയുക്തികതയും സിദ്ധാന്തശാഠ്യവും മതത്തിന്റെ കൂടെപ്പിറപ്പായതുകൊണ്ടാണ് എല്ലാ ബഹുസ്വര സമൂഹങ്ങളിലും സംഘർഷങ്ങൾ സൃഷ്ടിക്കപ്പെടുന്നത് എന്നാണവരുടെ വാദം. അതിനാൽ മതത്തെ നിർവീര്യമാക്കൽ അനിവാര്യമായിരിക്കുന്നു. ഏറ്റവും ചുരുങ്ങിയത് മതത്തെ സാമൂഹികജീവിതത്തിൽനിന്ന് പൂർണമായി അകറ്റിനിർത്തുകയെങ്കിലും വേണം. എന്നിട്ട് 'യുക്തിപൂർണമായ' പെരുമാറ്റച്ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പൊതുസംസ്കാരം നിർമിച്ചെടുക്കണം.

ബഹുസ്വരസമുദായത്തിലെ വിവിധ വിഭാഗങ്ങൾ പ്രതിനിധാനം ചെയ്യുന്ന 'സെക്യുലർ' മൂല്യങ്ങൾ മാത്രം തെരഞ്ഞെടുത്താണ് ഈ സങ്കരസംസ്കാരത്തിന് രൂപം കൊടുക്കുക. അങ്ങനെ ക്രമേണ മതവൈവിധ്യങ്ങൾ ഉണ്ടാക്കുന്ന

സംഘർഷങ്ങൾക്ക് പകരമായി പുതിയൊരു സാമൂഹികക്രമം ഉയർന്നുവരും. ശാസ്ത്രീയവും യുക്തിപൂർണവുമായ ഈ പെരുമാറ്റച്ചട്ടം വൈകാരികവും സിദ്ധാന്തശാഠ്യത്തിൽ ഊന്നുന്നതുമായ മതവിശ്വാസത്തെ പുറന്തള്ളുകയും സംഘർഷരഹിതവും യുക്തിയെ അടിസ്ഥാനപ്പെടുത്തുന്നതുമായ ഒരു സമൂഹത്തിന്റെ പിറവിക്ക് കാരണമാവുകയും ചെയ്യും.

ഇതാണ് സങ്കരസംസ്കാരത്തിന്റെ സെക്യുലർ ഭാഷ്യം. ഇത് വികലയുക്തിയാണെന്നും പൂർണമായി അപ്രായോഗികമാണെന്നും കാണാൻ പ്രയാസമില്ല. മതം അയുക്തികമാണെന്നത് പത്തൊമ്പതാം നൂറ്റാണ്ടിലെ യാന്ത്രിക ശാസ്ത്രത്തിന്റെ ധിക്കാരത്തിന്റെ അവശിഷ്ടമാണ്. ലബോറട്ടറികളിൽ പരീക്ഷിക്കാവുന്നതേ യുക്തിയുടെ പരിധിയിൽ വരൂ എന്ന എന്നോ ഉപേക്ഷിക്കപ്പെട്ട വാദമാണ് ഇവർ ഉയർത്തിക്കൊണ്ടുവരുന്നത്. മതമാണ് സംഘർഷങ്ങൾ സൃഷ്ടിക്കുന്നതെന്ന വാദം സാമാന്യയുക്തിക്കുതന്നെ നിരക്കാത്തതാണ്. ലോകത്തുണ്ടായ ദീർഘിച്ചതും ഏറ്റവുമധികം നശീകരണമുണ്ടായതുമായ യുദ്ധങ്ങളും സംഘർഷങ്ങളും പരിശോധിക്കുക. രാഷ്ട്രീയ അതിമോഹങ്ങളും സാമ്പത്തിക താൽപര്യങ്ങളുമാണ് അവ പൊട്ടിപ്പുറപ്പെടാൻ കാരണമായതെന്ന് നിങ്ങൾക്ക് കണ്ടെത്താം. അതിന് നേർസാക്ഷ്യമായി ഇരുപതാം നൂറ്റാണ്ട് നമ്മുടെ മുമ്പിലുണ്ടല്ലോ.

കാരണങ്ങൾ തീർത്തും വ്യത്യസ്തമാണെങ്കിലും, ഇന്ത്യയിൽ സംഘർഷരഹിത സമൂഹം ഉണ്ടായിവരാൻ ഹിന്ദുത്വത്തിന്റെ വക്താക്കൾ ഉയർത്തുന്ന വാദമുഖങ്ങളും ഏതാണ്ട് ഇതേ സ്വരത്തിലുള്ളതാണ്. പൗരാണിക ഹൈന്ദവ സംസ്കാരത്തെയും ചരിത്രത്തെയും അടിസ്ഥാനപ്പെടുത്തിയുള്ളതാണ് അവർ മുന്നോട്ടുവെക്കുന്ന സങ്കരസംസ്കാര സങ്കൽപനം. ഒരു പ്രത്യേക സംസ്കാരത്തിന് അധീശത്വമുള്ള ആ സങ്കൽപനത്തിൽ മറ്റു സംസ്കാര വൈവിധ്യങ്ങൾ തകർന്നടിഞ്ഞ് ഇല്ലാതായാൽ അവർക്കത് പ്രശ്നമല്ല. ഇവരെ സംബന്ധിച്ചേടത്തോളം ഇന്ത്യയുടെ സംസ്കൃതവത്കരണം തന്നെയാണ് രാജ്യത്തിന്റെ ഹിന്ദുത്വവത്കരണവും.

ഹിന്ദുത്വ പ്രചാരകർ അവരുടെ യഥാർഥ ലക്ഷ്യങ്ങൾ ഒളിച്ചുവെക്കാറുമില്ല. 1997 ജൂണിൽ എൽ.കെ അദ്വാനിയുടെ രഥയാത്ര ഭോപ്പാലിൽ എത്തിയപ്പോൾ അദ്ദേഹം അവിടെയുള്ള മുസ്‌ലിംകളെ ഉപദേശിച്ചു: 'ദ്വിരാഷ്ട്രവാദം' മറന്ന് നിങ്ങൾ ഹിന്ദുത്വപാരമ്പര്യത്തിൽ ലയിച്ചു ചേരുക.

ഒരു പ്രത്യേക വിഭാഗത്തിന് ആധിപത്യമുള്ള ഒരു സങ്കരസംസ്കാരത്തിൽ ആ സംസ്കാരത്തിന്റെ മുദ്രകൾക്ക് മേധാവിത്വമുണ്ടാവുകയെന്നത് തീർത്തും സ്വാഭാവികം. തത്ത്വത്തിൽ പല സംസ്കാരങ്ങളിൽനിന്ന് പെറുക്കിയെടുത്താണ് സങ്കരസംസ്കാരം നിർമിക്കുകയെങ്കിലും ഭൂരിപക്ഷ സംസ്കാരത്തിനാവും തീരുമാനമെടുക്കുന്നതിൽ മേൽക്കൈ. ഈ പ്രക്രിയയിൽ ഭൂരിപക്ഷത്തിന്റെ ഔദാര്യത്തിലേ ന്യൂനപക്ഷ സംസ്കാരത്തിന് നിലനിൽക്കാനാവൂ. ഉയർന്ന പരിഗണന ലഭിച്ചുപോരുന്ന മൂല്യങ്ങൾക്കും സാംസ്കാരിക മുദ്രകൾക്കും ഈ സങ്കര ഫോർമുലയിൽ കാര്യമായ സ്ഥാനമുണ്ടാവില്ല. ഉദാഹരണത്തിന് മുസ്‌ലിം സമൂഹത്തിന്റെ കുടുംബ മൂല്യങ്ങൾ. ഭൂരിപക്ഷ സംസ്കൃതിക്ക് ആധിപത്യമുള്ള മേൽപറഞ്ഞ ചട്ടക്കൂട് ഈ മൂല്യങ്ങളെ പുഛത്തോടെയാണ് കാണുന്നത്. സെക്യുലരിസ്റ്റ് വീക്ഷണത്തിലുള്ള ഘടനയിലും ഇതേ തിരസ്കാരമാണ് അവക്ക് നേരിടേണ്ടിവരിക. വ്യാപാരത്തിലും ഇടപാടുകളിലും പലിശ പാടില്ലെന്ന മുസ്‌ലിം കാഴ്ചപ്പാടിനെ പിന്തിരിപ്പനായി മാത്രമേ ഇരു സങ്കരസംസ്കാരങ്ങൾക്കും കാണാനാകൂ.

അതായത് വ്യത്യസ്തമായ ഈ രണ്ട് സങ്കരസംസ്കാരങ്ങളുടെയും ഫലം ഒന്നുതന്നെയായിരിക്കുമെന്നർഥം. മുസ്‌ലിംസമൂഹത്തിന്റെ മൂല്യങ്ങളെയും സദാചാരങ്ങളെയും തള്ളിക്കളയുകയാണ് ഇരുവിഭാഗവും. സെക്യുലരിസ്റ്റുകൾ മതത്തെയും വിശ്വാസത്തെയും സാമൂഹിക തലങ്ങളിൽനിന്ന് ഉന്മൂലനം ചെയ്യണമെന്ന് വാദിക്കുമ്പോൾ, ഹിന്ദുത്വക്കാരുടെ സംസ്കൃതവത്കരണം മുസ്‌ലിംകളുടെയും മറ്റു ന്യൂനപക്ഷങ്ങളുടെയും സംസ്കാരങ്ങളെ ലയിപ്പിച്ചില്ലാതാക്കാൻ ശ്രമിക്കുന്നു.

ഭരണയന്ത്രത്തിൽ ഭൂരിപക്ഷ മത സംസ്കാരമുദ്രകൾ പിടിമുറുക്കുന്നത് തടയാൻ സെക്യുലരിസ്റ്റുകളുടെ സങ്കരസംസ്കാരത്തിന് കഴിഞ്ഞിട്ടില്ലെന്നതിന് ഇന്ത്യയുടെ സമീപചരിത്രം തെളിവാണ്. ഇതിന് കാരണം ഭരണവർഗത്തിന്റെ പിടിപ്പുകേടും ആർജവമില്ലായ്മയുമാണെന്നാണ് സെക്യുലരിസ്റ്റുകളുടെ കണ്ടെത്തൽ. അല്ലാതെ തങ്ങൾ ഉയർത്തിപ്പിടിക്കുന്ന ആശയത്തിന്റെ തകരാറല്ല അത്. അതേസമയം ഈ ആശയം വിജയകരമായി പരീക്ഷിച്ച ഒരു ഉദാഹരണം പോലും അവർക്ക് ചൂണ്ടിക്കാട്ടാനുമില്ല. കാരണം ഈ ആശയം അപ്രായോഗികവും അയുക്തികവുമാണ് എന്നതുതന്നെ.

ഭരണകൂടത്തിന് ചിലപ്പോൾ ഒരു സങ്കര സംസ്കാരം അടിച്ചേൽപിക്കാൻ കഴിഞ്ഞെന്നുവരും. ഇവിടെ ഭരണകൂടം മർദനോപകരണമായിത്തീരുന്നതിനാൽ ഇത് ജനാധിപത്യത്തിന്റെയോ അഭിപ്രായസ്വാതന്ത്ര്യത്തിന്റെയോ പാരമ്പര്യങ്ങൾക്ക് നിരക്കുന്നതല്ല. സങ്കര സംസ്കാരം അടിച്ചേൽപിക്കാനുള്ള നീക്കം സമൂഹത്തിന്റെ അകത്ത് സംഘർഷങ്ങളുണ്ടാക്കും. അടിച്ചമർത്താൻ സൈന്യവും പോലീസുമുള്ളപ്പോൾ അവ തുറന്ന സംഘട്ടനമായി പരിണമിച്ചില്ലെന്നു വരാം. ഉപരിതലത്തിലുള്ള ആ ശാന്തത പോലും കുറച്ച് കാലത്തിനേ ഉണ്ടാവൂ. സോവിയറ്റ് യൂനിയൻ നൽകുന്ന പാഠമതാണ്. സമൂഹങ്ങളിലും വ്യക്തികളിലും പുകഞ്ഞുകൊണ്ടിരുന്ന അസ്വസ്ഥതകൾ, സൈനിക പിൻബലം ദുർബലമായപ്പോൾ പ്രതികാരത്തോടെ പൊട്ടിത്തെറിക്കുന്നതാണ് അവിടെ കാണാൻ കഴിഞ്ഞത്.

ഇതര സംസ്കാരങ്ങളെ അടിച്ചമർത്തുന്നത് ജനതയുടെ മൊത്തം പുരോഗതിയെ തന്നെ തടസ്സപ്പെടുത്തും. അധീശത്വമുള്ള ഗ്രൂപ്പുകൾ ചെറിയ വിഭാഗങ്ങളെ അടക്കിഭരിക്കുമ്പോൾ, അടിച്ചമർത്തപ്പെടുന്നവരുടെ ഊർജം രാഷ്ട്രപുരോഗതിക്കായി അർപ്പിക്കാൻ കഴിയാതെ പോകുന്നു.

സോവിയറ്റ് യൂനിയന്റെ തകർച്ചക്കുശേഷം റഷ്യയും മധ്യേഷ്യൻ റിപ്പബ്ലിക്കുകളും തമ്മിലുള്ള വമ്പിച്ച അസമത്വങ്ങൾ പുറത്തുവരികയുണ്ടായി. ആണവായുധപ്പുരകൾ സ്ഥാപിച്ചിരുന്നത് ഖസാകിസ്താൻ പോലുള്ള മധേഷ്യൻ റിപ്പബ്ലിക്കുകളിലായിരുന്നെങ്കിലും അവയുടെ സംരക്ഷണവും മറ്റും റഷ്യൻ പട്ടാളക്കാർക്കായിരുന്നു. സാമ്പത്തിക വികസനകാര്യങ്ങളിൽ മധേഷ്യൻ റിപ്പബ്ലിക്കുകളോടുള്ള വിവേചനവും അവിടത്തുകാർക്ക് ആധുനികജീവിതസൗകര്യങ്ങൾ നിഷേധിക്കലും ഭരണകൂടത്തിന്റെ അടിസ്ഥാന നയങ്ങളിലൊന്നായി മാറുകയുണ്ടായി.

ഇന്ത്യയിലും ഭരണകൂടത്തിന് ന്യൂനപക്ഷങ്ങളുടെ വിശ്വാസം ആർജിക്കാനോ ആരോഗ്യമുള്ള ഒരു സമൂഹസംവിധാനം ഉണ്ടാക്കാനോ കഴിഞ്ഞിട്ടില്ല. ഇഴപ്പൊരുത്തമുള്ള ഒരു ജനതയെ സാംസ്കാരിക ബലപ്രയോഗത്തിലൂടെ ഉണ്ടാക്കിയെടുക്കാനാവില്ല. ഇന്ത്യ അഭിമാനം കൊള്ളുന്നത് സാംസ്കാരിക വൈവിധ്യത്തിലാണ്; ആ വൈവിധ്യങ്ങളെ ബലാൽക്കാരം ലയിപ്പിച്ചുകളയുന്നതിലല്ല. പരസ്പരം ഇടപഴകുന്നതിനും ക്രിയാത്മക സഹകരണം ഉറപ്പുവരുത്തുന്നതിനും വിവിധ വിശ്വാസക്കാരുണ്ടായതാണ് തടസ്സം എന്ന ഹിന്ദുത്വപരിവാറിന്റെ വാദം കടുത്ത ചില സെക്യുലരിസ്റ്റ് ആശയക്കാരും ഏറ്റുപിടിക്കുന്ന വിചിത്ര കാഴ്ചയാണ് കാണാനുള്ളത്.

ജനക്ഷേമ പ്രവർത്തനങ്ങൾ, ദുരിതാശ്വാസ യത്നങ്ങൾ, ദാരിദ്ര്യനിർമാർജന പദ്ധതികൾ എന്നിങ്ങനെ മതസമൂഹങ്ങൾ തമ്മിൽ ഇടപഴകാനും ഒന്നിച്ച് പ്രവർത്തിക്കാനുമുള്ള അവസരങ്ങൾ നി

രവധിയാണ്. ഹിന്ദുത്വവാദികളും ന്യൂന പക്ഷങ്ങളിൽനിന്നുള്ള ചില തീവ്രവാദികളും വർഗീയവിഷം ചീറ്റുന്നുണ്ടെങ്കിലും ഹിന്ദു, മുസ്‌ലിം, ക്രിസ്ത്യൻ, സിക്ക്, പാർസി വിഭാഗങ്ങൾ തമ്മിൽ ഇപ്പോഴും ഈ ഇടപഴകൽ നടക്കുന്നുണ്ട്. മിക്ക വർഗീയ കലാപങ്ങളിലും ഹിന്ദുക്കളിലും മുസ്‌ലിംകളിലും പെട്ടവർ ഒന്നിച്ച് വലിയ മനുഷ്യസ്നേഹ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ബാബരിമസ്ജിദ് തകർക്കപ്പെട്ടതിനു ശേഷം ഹിന്ദുസമൂഹത്തിലെ വലിയൊരു വിഭാഗം ആ കാട്ടാളത്തത്തിനെതിരെ രംഗത്തുവരികയുണ്ടായി. വ്യത്യസ്ത മതവീക്ഷണങ്ങളുണ്ടാകുന്നത് ഒരുമിക്കാനും ഇടപഴകാനും തടസ്സമല്ല എന്നാണ് ഇത് കാണിക്കുന്നത്.

ഇന്ത്യയിലെ മുസ്‌ലിംകൾ ഒരു വലിയ ന്യൂനപക്ഷമാണ്. സ്വന്തം വിശ്വാസത്തോടും മൂല്യങ്ങളോടുമുള്ള അവരുടെ പ്രതിബദ്ധത ശക്തവും തുടച്ചുനീക്കാനാവാത്തതുമാണ്. ഈ മൂല്യങ്ങൾ അവരുടെ ചിന്താഗതിയിലും പ്രായോഗികജീവിതത്തിലും ആഴത്തിൽ പതിയുകയും ചെയ്തിരിക്കുന്നു. ഇതൊക്കെ പിഴുതെറിയാനും സങ്കരസംസ്കാരം അടിച്ചേൽപിക്കാനുമാണ് ശ്രമമെങ്കിൽ മുസ്‌ലിംസമുദായം അതിനെ കഴിവതും ചെറുക്കുമെന്ന് തീർച്ചയാണ്. സ്വന്തം മൂല്യങ്ങൾ മുറുകെപ്പിടിക്കാൻ അവസരം നിഷേധിക്കപ്പെടുമ്പോഴുള്ള അമർഷം പരസ്പര സഹകരണം ഊട്ടിയുറപ്പിക്കാനുള്ള ശ്രമങ്ങൾക്ക് വിഘാതം സൃഷ്ടിക്കുക മാത്രമേ ചെയ്യൂ.

## 'ആഗോളസദാചാരം'

ഇതര സമൂഹങ്ങളിൽനിന്ന് ചില തത്ത്വങ്ങൾ സ്വീകരിച്ചും സ്വന്തം ആശയസംഹിതകളിൽ ചിലത് കൈയൊഴിഞ്ഞും (reciprocity) സമുദായങ്ങളുടെ സമാധാനപരമായ സഹവർത്തിത്വം സാധ്യമാണെന്ന് ഒരു വാദമുണ്ട്. 'ഇസ്‌ലാം യൂറോപ്പിൽ' എന്ന വിഷയത്തിൽ യൂറോപ്യൻ ചർച്ചുകളുടെ ഒരു വേദി സംഘടിപ്പിച്ച ചർച്ചാ സമ്മേളനത്തിലാണ് ഇതൊരു ബദൽ നിർദേശമായി ഉയർന്നുവന്നത്. ലോകമാകെ പടരുന്ന ശത്രുതയും വിദ്വേഷവും അസഹിഷ്ണുതയും ഇല്ലാതാക്കാൻ ഒരു ആഗോള സദാചാരം (global ehtics) വേണമെന്ന് ചില പാശ്ചാത്യ ബുദ്ധിജീവികളും അഭിപ്രായപ്പെടുകയുണ്ടായി.

ഈ വാദമുഖങ്ങൾ ഇന്ത്യൻ പശ്ചാത്തലത്തിൽ അത്ര പ്രസക്തമല്ലെങ്കിലും, ഇതേ ചുവടുപിടിച്ച് സംഘ്പരിവാർ ഉയർത്തുന്ന പ്രചാരണങ്ങൾ ഗൗരവത്തോടെ കാണണം. സാമൂഹികജീവിതത്തിലെ ഹിന്ദു ആചാരങ്ങൾ മുസ്‌ലിംകൾ ഉൾക്കൊള്ളാൻ വിസമ്മതിക്കുന്നതാണ് ഹിന്ദു-മുസ്‌ലിം ബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തുന്ന പ്രധാന ഘടകം എന്നാണവർ പ്രചരിപ്പിക്കുന്നത്. ഹിന്ദുക്കളുടെ പ്രധാനപ്പെട്ട ആഘോഷങ്ങളിലും ആചാരങ്ങളിലും മുസ്‌ലിംകൾ പങ്കുചേരുകയും ഇന്ത്യയെ 'വിശുദ്ധ ഭൂമി'യായി കാണുകയും വേണമെന്ന് അവർ ശഠിക്കുന്നു.

ബന്ധങ്ങൾ മെച്ചപ്പെടുത്താൻ ഇത്തരമൊരു ബദൽ മുന്നോട്ടുവെക്കുന്നത് അധാർമികവും അപകടകരവുമാണെന്ന് ഖുർറം മുറാദ് നിരീക്ഷിച്ചിട്ടുണ്ട് (Kurram Murad: Christian/ Muslim Reciprocity-some comments Encounter 2:2 (1996) p 199). ഖുർആനിലും നബിചര്യയിലുമുള്ള പല മൂല്യങ്ങളും കൈയൊഴിക്കണമെന്നാണ് ഇതിലടങ്ങിയ സൂചന. മതസ്വത്വത്തെ തന്നെ കൈയൊഴിക്കുന്നതിന് തുല്യമായിരിക്കുമത്. ആഗോള സദാചാരം എന്ന് പറയുന്നതും അപ്രായോഗികമായ നിർദേശമാണ്. അത് എന്താണെന്ന് നിർവചിക്കപ്പെട്ടിട്ടില്ല. മതത്തെയും മതസദാചാരത്തെയും മതേതരവത്കരിക്കുന്നതിലാണ് അത് കലാശിക്കുക. എല്ലാ മതങ്ങളിലും സദാചാരത്തിന്റെ അടിത്തറകൾ വിശദീകരിക്കുന്നുണ്ടെങ്കിലും അവ തമ്മിൽ പ്രധാനപ്പെട്ട കാര്യങ്ങളിൽ അടിസ്ഥാന ഭിന്നതകളുണ്ടെന്നതും കാണാതിരുന്നുകൂടാ. ഓരോ കാര്യത്തിലും മതത്തിന്റെ കർശനമായ വിധിവിലക്കുകൾ നീക്കം ചെയ്ത് അതിനെ ഒരു അഭ്യുദയ കാംക്ഷിയുടെ റോളിലേക്ക് ചുരുക്കിനിർത്തലായിരിക്കും ഇവിടെ സംഭവിക്കുക.

## സ്റ്റാറ്റസ്കോ

ഓരോ സംസ്കാരവും ജനവിഭാഗവും എങ്ങനെയാണോ ഉള്ളത് അങ്ങനെത്തന്നെ നിലനിൽക്കുക. പരസ്പര വിമർശനമോ വിലയിരുത്തലോ ചോദ്യം ചെയ്യലോ പാടില്ല. ഓരോരുത്തർക്കും അവരുടേതായ സാംസ്കാരിക ധാര പിന്തുടരാൻ പൂർണ സ്വാതന്ത്ര്യം ഉണ്ടാവണം. ഇങ്ങനെ ഓരോ സാംസ്കാരികധാരയെയും അതത് ജനവിഭാഗങ്ങൾ പുഷ്ടിപ്പെടുത്തുകയും അത് മൊത്തം ദേശീയവികസനത്തിന് വഴിയൊരുക്കുകയും ജനവിഭാഗങ്ങളുടെ സമാധാനപൂർണമായ സഹവർത്തിത്വം സാധ്യമാവുകയും ചെയ്യുന്നു. ഇതാണ് സമർപ്പിക്കപ്പെടുന്ന മറ്റൊരു ബദൽ.

പക്ഷേ ഈ 'സ്റ്റാറ്റസ്കോ' വാദത്തിന് ഒട്ടേറെ പരിമിതികളുണ്ട്. ഒന്നാമതായി, ഭിന്നാഭിപ്രായങ്ങൾ ഇല്ലാതിരിക്കുകയാണ് സമാധാനത്തിലേക്കുള്ള വഴി എന്ന അടിത്തറയിലാണ് ഈ വാദം കെട്ടിപ്പടുത്തിരിക്കുന്നത്. യുക്തിയുക്തമായി കാര്യങ്ങൾ വിലയിരുത്തപ്പെടുമ്പോഴാണ് മാറ്റങ്ങളുണ്ടാകുന്നത്. അത് ഓരോ സാംസ്കാരിക കൂട്ടായ്മക്കും ഗുണകരമായാണ് ഭവിക്കുക. അതിനാൽ അഭിപ്രായഭിന്നത സാമൂഹിക സംഘർഷത്തിലേ കലാശിക്കൂ എന്ന നിഗമനം അബദ്ധമാണ്. രണ്ടാമതായി, വിയോജിക്കാനും വിസമ്മതിക്കാനുമുള്ള അവകാശം സംരക്ഷിക്കുകയെന്നതാണ് ജനാധിപത്യത്തിന്റെ അന്തസ്സത്തതന്നെ. വിയോജിക്കാൻ പാടില്ലെന്ന് പറയുന്നത് ജനാധിപത്യത്തിന്റെ തന്നെ നിഷേധമാണ്. ■

(Living as a Muslim in a Plural Society എന്ന കൃതിയിൽനിന്ന്. പ്രസിദ്ധീകരണം: ഇസ്‌ലാമിക് ഫൗണ്ടേഷൻ ട്രസ്റ്റ്, ചെന്നൈ)